നോട്ടീസ്.

തിരുവിതാംകൂർ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് പരസ്പരോപകാരധനസഹായനിധിയുടെ ഒരു വിശേഷാൽയോഗം ൧൧൨൨ ധനു ൩൦-ാം വെള്ളിയാഴ്ച പകൽ ൧൧ മണിയ്ക്കു തിരുവനന്തപുരം വി. എച്ച്. സ്കൂളിൽവച്ചു കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൧൧൨൨ ധനു ൧൭-ാം.

ആജ്ഞാനുസരണം,
എ. എസ്സ്. നാരായണയ്യർ, സെക്രട്ടറി.

AGENDA.

Amendments to the Bye-laws of the Travancore Educational Department Co-operative Benefit Fund Ltd., No. 1964.

Sec: ൧. ധനംശേഖരിക്കുകയും കഴിഞ്ഞിട്ട് "അംഗങ്ങൾക്കു മിതമായ പലിശയ്ക്കു വായ്പകൊടുക്കുകയും" എന്നും, ആകുന്നു കഴിഞ്ഞിട്ടു "വായ്പകൊടുക്കുന്നതു സംബന്ധിച്ചുള്ള ഉപനിബന്ധനകൾ മാനേജിംഗ്കമ്മറ്റിക്കുണ്ടാക്കാൻ അധികാരമുള്ളതും അവയെ രജിസ്ട്രാരുടെ അംഗീകാരത്തിനുശേഷംമാത്രം നടപ്പാക്കാമെന്നുള്ളതുമാകുന്നു." എന്നും കൂട്ടത്തായി ചേർക്കണം.

൨. "നിധിയുടെ മൂലധനം ഓഹരിഒന്നിനു ൧൦ രൂപാവീതം വിലയുള്ള ൧൦൦൦൦ ഓഹരികൾക്കു ൧൦൦൦൦൦ രൂപാ ആയിരിക്കും" എന്നു മാറ്റണം.

൩. എ. "ഓരോ അംഗവും ഓരോ ഓഹരിയേ എടുക്കാവൂ. ഓഹരിത്തുക മുഴുവനും ഒന്നായിട്ടോ, പന്ത്രണ്ടിൽകവിയാത്ത മാസത്തവണകളിലായിട്ടോ അടക്കേണ്ടതാകുന്നു." എന്നു മാറ്റണം.

ബി. "ശമ്പളക്രമമനുസരിച്ച് അൻപതു സർക്കാർ രൂപയ്ക്കു (൫൦) മേൽശമ്പളമുള്ളവരെ എ. ക്ലാസുകാരായും, ൧൫ സർക്കാർരൂപാമുതൽ ൫൦ സർക്കാർ രൂപാവരെ ശമ്പളമുള്ളവരെ ബി. ക്ലാസുകാരായും, ൧൫ സർക്കാർ രൂപായും അതിനുതാഴെയും ശമ്പളമുള്ളവരെ സി. ക്ലാസുകാരായും തരംതിരിച്ചിരിക്കുന്നു." എന്നു കൂട്ടത്തൽചേർക്കുകയും "൧൫-ാം തീയതിയോ അതിനുമുമ്പോ" എന്നു ഭേദപ്പെടുത്തുകയും ചെയ്യണം.

൪. എല്ലാ ജീവനക്കാർക്കും കഴിഞ്ഞിട്ട് "നിധിയിലെ ആഫീസു സിൽബന്തികളായിരിക്കുന്നവർക്കും" എന്നും "പാടില്ല" കഴിഞ്ഞ് "എന്നാൽ ആഫീസു സിൽബന്തികൾ മാനേജിംഗ്കമ്മറ്റിയിൽ അംഗങ്ങളാകാൻ പാടില്ലാത്തതാകുന്നു." എന്നും കൂട്ടതൽ ചേർക്കണം. "ബി. ക്ലാസുകാർമുതൽ......മാറാവുന്നതാണ്" ഈ ഭാഗം എടുത്തുകളയണം.

൭. "നിധിയിലെ അംഗമാകാനുള്ള അപേക്ഷകർക്കു ഓരോരുത്തരും ഓരോരൂപാവീതം പ്രവേശനഫീസടക്കേണ്ടതാകുന്നു" എന്നു ഭേദഗതിചെയ്യണം.

൮. "ഇപ്പോൾ സർവീസിലിരിക്കുന്നവർ ൧൧൨൨ ഇടവം ൩൧-നു മുമ്പായും, മേൽപ്രവേശനാർഹരാകുന്നവർ അപ്രകാരം അർഹരാകുന്ന തീയതിമുതൽ ആറുമാസത്തിനകവും" എന്നു ഭേദഗതിചെയ്യണം.

രണ്ടാംഖണ്ഡികയിൽ "൭-ം ൮-ം നിബന്ധനകളിൽ പറയുന്ന തുകകൾക്കുപുറമേ താമസപ്രവേശനഫീസടക്കേണ്ടതും, അതുകൂടാതെ ഈ വകുപ്പിൽപറഞ്ഞിട്ടുള്ള ക്ലിപ്തകാലാവധിക്കകം അംഗമായി ചേർന്നിരുന്നാൽ നിധിയിൽ അടയ്ക്കുമായിരുന്ന എല്ലാതുകകളും മാനേജിംഗ്കമ്മറ്റി നിശ്ചയിക്കുന്ന കാലാവധിക്കകം അടച്ചുകൊള്ളേണ്ടതുമാകുന്നു." എന്നു കൂട്ടതൽചേർക്കണം.

൧൧, ബി. "പേരുപറഞ്ഞു നിയമിക്കേണ്ടതാകുന്നു" എന്നതിനെ "പേരുപറഞ്ഞു നിയമിക്കാവുന്നതാകുന്നു" എന്നു ഭേദപ്പെടുത്തണം.

നംബർ ൧. എടുത്തുകളയണം.

൧൨. "ആയതു നാലണാ രജിസ്ട്രർഫീസുകൊടുത്തു മെംബർ മരിക്കുന്നതിനുമുമ്പുതന്നെ നിധിയിൽ അപേക്ഷിച്ചിരിക്കേണ്ടതും" എന്നും "ആളുകൾക്കോ" കഴിഞ്ഞ്, "മാത്രം" എന്നു കൂട്ടതൽചേർക്കുകയുംചെയ്യണം.

൧൩. "ഒരു മെംബർ മരിക്കുകയാണെങ്കിൽ സെക്രട്ടറി എഴുതിഅയയ്ക്കുന്നസമയം അപ്പോൾ നിധിയിലുള്ള എല്ലാ അംഗങ്ങളും രണ്ടണാവീതം (൧) ധനസഹായം അടയ്ക്കേണ്ടതാകുന്നു. പെൻഷൻപറ്റുന്നവർക്ക് ൧൪ ബി. വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം അവകാശധനം കൊടുക്കുന്നതിനായി ഓരോ എ. ക്ലാസു മെംബരും ൩ രൂപാവീതവും, ഓരോ ബി. ക്ലാസുമെംബരും ൧½ രൂപാവീതവും ഓരോ സി. ക്ലാസുമെംബരും ¾ രൂപാവീതവും മാസംതോറും അടയ്ക്കേണ്ടതാകുന്നു." എന്നു ഭേദഗതിചെയ്യണം.

൧൪, ബി. ഒരു മെംബർ മരിക്കുമ്പോൾ അവകാശിക്കോ അവകാശികൾക്കോ, മരിച്ചുപോയ മെംബർ അക്കാലത്തു മരിക്കാതെ പെൻഷനാണു വാങ്ങിച്ചിരുന്നതെങ്കിൽ, കിട്ടുമായിരുന്ന തുകയുടേയും, മരണവരിയിൽനിന്നു പിരിഞ്ഞുകിട്ടുന്ന തുകയുടേയും താഴെപ്പട്ടികയിൽപറയുന്ന ശതമാനങ്ങളും കൂട്ടിച്ചേർന്നാലുള്ള തുകയിൽനിന്നും ൧൦ രൂപാ നിധിയുടെ ശാശ്വതമായ നിലനില്പിനുവേണ്ടി (Benefit Equalisation Fund) ബെനിഫിറ്റ് ഇക്വലൈസേഷൻഫണ്ടിലേയ്ക്കു നീക്കിവച്ചിട്ട് ശേഷമുള്ളതുക ബെനിഫിറ്റായി (അവകാശധനം) ലഭിക്കുന്നതിനർഹതയുള്ളതാകുന്നു." എന്നു ഭേദഗതിചെയ്യണം.

നിധിയിലെ സർവീസു വർഷം	പെൻഷൻതുകയുടെ ശതമാനം	മരണവരിയുടെ ശതമാനം	നിധിയിലെ സർവീസു വർഷം	പെൻഷൻതുകയുടെ ശതമാനം	മരണവരിയുടെ ശതമാനം
1	32%	90%	16	62%	90%
2	34	90	17	64	90
3	36	90	18	66	90
4	38	90	19	68	90
5	40	90	20	70	90
6	42	90	21	72	90
7	44	90	22	74	90
8	46	90	23	76	90
9	48	90	24	78	90
10	50	90	25	80	90
11	52	90	26	82	90
12	54	90	27	84	90
13	56	90	28	86	90
14	58	90	29	88	90
15	60	90	30	90	90

എഫ്. സി. "വിദ്യാഭ്യാസവകുപ്പിലുള്ള ഉദ്യോഗം രാജിവയ്ക്കുന്നതിനാൽ മെംബർസ്ഥാനം നിന്നുപോകുന്ന ഒരാളിനു, അയാൾക്കു അന്നു പെൻഷൻകിട്ടിയാൽ നിധിയിൽ നിന്നുകിട്ടുമായിരുന്ന ആദായത്തിന്റെ ൫൦ ശതമാനത്തിനുമാത്രം അവകാശമുള്ളതാകുന്നു" എന്നും ഈ വകുപ്പിലെ "൧-ം ൨-ം ൪-ം ൫-ം ഉപവകുപ്പുകൾപ്രകാരം ആദായം കിട്ടുവാൻ അർഹതസിദ്ധിക്കാത്ത അംഗങ്ങൾ അതുവരെ നിധിയിലേയ്ക്കു അടച്ചിട്ടുള്ള തുകയ്ക്കായി അപേക്ഷിക്കയും," എന്നും, "ചെയ്യുമ്പോൾ" കഴിഞ്ഞു "പലിശകൂടാതെ ആ തുക മടക്കിക്കൊടുക്കേണ്ടതുമാകുന്നു" എന്നും ചേർപ്പെടുത്തണം. "ആത്മഹത്യ ചെയ്യുന്ന ഒരു മെംബറുടെ ന്യായാവകാശികൾക്കോ നിയമിതാവകാശികൾക്കോ" നിധിയിൽ നിന്നും ആദായംകിട്ടുവാൻ അർഹതസിദ്ധിക്കുന്നതല്ല. എന്നതു എടുത്തുകളയണം.

എഫ്. ഡി. "ഒരു മെംബർ ഉദ്യോഗത്തിൽനിന്നു പെൻഷൻപറ്റിപ്പിരിയുന്നകാലത്തു സർവീസനുസരിച്ചു താഴെ പട്ടികയിൽപറയുന്നവിധമുള്ള തുകയിൽനിന്നും ൧൦ രൂപാ മുൻപറഞ്ഞ ബെനിഫിറ്റ് ഇക്വലൈസേഷൻ ഫണ്ടിലേയ്ക്കു (Benefit Equalisation Fund) നീക്കിവച്ചിട്ടു ബാക്കിതുക അയാൾക്കു ആദായമായി ലഭിക്കുന്നതാകുന്നു" എന്നു മാറ്റണം.

	എ			ബി			സി		
നിധിയിലെ സർവീസുവർഷം	വർഷത്തിലെ ആദ്യമാസം കിട്ടുന്നതുക I	മാസംതോറും കിട്ടുന്ന തുക II	ഒന്നാം മാസത്തിൽ കിട്ടുന്ന തുക III	I	II	III	I	II	III
1	150	3	183	75	2	97	37½	1	48½
2	200	3	233	100	2	122	50	1	61
3	300	3	333	150	2	172	75	1	86
4	400	3	433	200	2	222	100	1	111
5	500	3	533	250	2	272	125	1	136
6	600	3	633	300	2	322	150	1	161
7	650	3	683	325	2	347	162	1	173
8	700	3	733	350	2	372	175	1	186
9	750	3	783	375	2	397	188	1	199
10	800	3	833	400	2	422	200	1	211
11	850	3	883	425	2	447	212	1	223
12	900	3	933	450	2	472	225	1	236
13	950	3	983	475	2	497	238	1	249
14	1000	3	1033	500	2	522	250	1	261
15	1050	3	1083	525	2	547	263	1	274

	എ				ബി			സി		
നിധിയിലെ സർവീസ് വർഷം	വർഷത്തിലെ ആകെ/മാസം കിട്ടുന്ന തുക I	മാസം തോറും കിട്ടുന്ന തുക II	൧൨-ാം മാസത്തിൽ കിട്ടുന്ന തുക III	I	II	III	I	II	III
16	1100	3	1133	550	2	572	275	1	286
17	1140	3	1173	570	2	592	285	1	296
18	1250	3	1283	625	2	647	313	1	324
19	1360	3	1393	680	2	702	340	1	351
20	1490	3	1523	745	2	767	373	1	384
21	1670	3	1703	835	2	857	418	1	429
22	1770	3	1803	885	2	907	443	1	454
23	1920	3	1953	960	2	982	480	1	491
24	2080	3	2113	1040	2	1062	520	1	531
25	2260	3	2293	1130	2	1152	565	1	576
26	2450	3	2483	1225	2	1247	613	1	624
27	2720	3	2753	1360	2	1382	680	1	691
28	2840	3	2873	1420	2	1442	710	1	721
29	3020	3	3053	1510	2	1532	755	1	766
30.	3290	3	3323	1645	2	1667	825	1	840

൧൦. ഇ. നോട്ട്:—"൧ ഒരു മെമ്പർക്കോ മെമ്പർമാർക്കോ, അവകാശിക്കോ അവകാശികൾക്കോ, നിധിയിൽനിന്നും അവകാശധനം കൂടുതൽ കൊടുക്കേണ്ടതുചിതമാണെന്ന് കമ്മററിയ്ക്കു പ്രത്യേക പരിതസ്ഥിതികളാൽ അഭിപ്രായമുള്ളപക്ഷം പൊതുയോഗത്തിന്റെ അനുവാദത്തോടുകൂടി ആയതു കൊടുക്കാവുന്നതാകുന്നു." എന്നു ചേർക്കണം.

൧൧. എഫ്. "മാസവരിയിലും ഡണ്ടുകാളിലും പിരിഞ്ഞുകിട്ടുന്ന തുകയിൽനിന്നും മുറപ്രകാരം കൊടുത്തതു നീക്കി ബാക്കിയുള്ള തുകയും അതിന്മേലുണ്ടാകുന്ന സകല പലിശകളും ബെനിഫിററ ഇക്വലൈസേഷൻഫണ്ടിൽ സ്വരൂപിക്കുന്നതും ഈ ഫണ്ടിൽനിന്നും, ബെനിഫിററ നൽകുന്നതിനു മേലാൽ ആവശ്യപ്പെട്ടേക്കാവുന്നയത്രമാത്രം വിനിയോഗിക്കുന്നതുമാകുന്നു." എന്നു മാററണം.

൧൨. എ. "പെൻഷൻപററുകയോ" എന്നതു് എടുത്തുകളകയും "ഓരോ അഭ്യർത്ഥനയ്ക്കുമുള്ള തുകയും, മാസവരിയും ൧൨-ാം-യോ അതിനുമുമ്പോ" എന്നു ഭേദപ്പെടുത്തുകയും ചെയ്യണം.

ബി. അഭ്യർത്ഥനത്തുകയും (കാൽ) എന്നതിനോടുകൂടി "മാസവരിയും" എന്നും "രൂപാ യ്ക്കോ" എന്നതിനെ, മാററി "രൂപായ്ക്കും അതിന്റെ അംശത്തിനും വ കാശുവീതം ഓരോ ഇനത്തിലും ഉള്ളതിനു പിഴകൊടുക്കേണ്ടതും" എന്നു ഭേദപ്പെടുത്തണം.

സി. "അഭ്യർത്ഥനത്തുകയും മാസവരിയും" എന്നു ചേർക്കണം.

ഡി. "അഭ്യർത്ഥനത്തുകയും മാസവരിയും രണ്ടുമോ ഏതെങ്കിലുംമൊന്നോ" എന്നു ഭേദഗതി ചെയ്യണം.

൧൩. എ. "സി. വകുപ്പുകാർ (കാൽ) ¼ രൂപാവീതവും പുതിയ പ്രവേശനഫീസും" എന്നും "എല്ലാ അഭ്യർത്ഥനത്തുകകളും മാസവരിയും" എന്നുംകൂടിച്ചേർക്കണം.

൧൪. "സെക്രട്ടറിയെ ഖരാർമുഖേന അറിയിക്കേണ്ടതാകുന്നു" എന്നു തിരുത്തണം.

൨൧. എ. "൧൩ മെമ്പർമാരും" എന്നതിനെ "൧൪ മെമ്പർമാരും" എന്നും ഈ ൧൪ പേരിൽ ൧൧ പേർ മലയാളം ആൺ പള്ളിക്കൂടം വകുപ്പിൽനിന്നും, ൩ പേർ മലയാളം പെൺപള്ളിക്കൂടം വകുപ്പിൽനിന്നും ൩ പേർ ഇംഗ്ലീഷ്പള്ളിക്കൂടം വകുപ്പിൽനിന്നും ൨ പേർ ഡിപ്പാർട്ടുമെൻറിലെ മററു വകുപ്പുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടാവുന്നതാണ്" എന്നു ഭേദപ്പെടുത്തണം.

ബി. ഭരണസമിതിഅംഗങ്ങൾ ൧൩ എന്നതിനെ ൧൪ എന്ന് ആക്കണം. "ഒരു സെക്രട്ടറിയേയും തിരഞ്ഞെടുക്കേണ്ടതാകുന്നു" എന്നു കഴിഞ്ഞു "പ്രസിഡന്റു ഖജാൻജിയുംകൂടി ആയിരിക്കുന്നതാണ്" എന്നുകൂടിച്ചേർക്കണം.

൨൨. സി. "പ്രസിഡന്റ ഒഴികെയുള്ള സമിതി ഉദ്യോഗസ്ഥന്മാരെ" എന്നു ഭേദപ്പെടുത്തണം.

൨൩. എ. എന്ന അക്ഷരം എടുത്തുകളയണം.

ബി. മുഴുവൻ എടുത്തുകളയണം.

സി. വേണ്ട, എടുത്തുകളയണം.

൨൪. "സെക്രട്ടറി നിധിയുടെ ഖജാൻജിയും ആയിരിക്കും" എന്നതിനെ എടുത്തുകളയണം.

൨൫. എ. "ഈ യോഗം കുറഞ്ഞതു് ഒരിക്കലെങ്കിലും" എന്നുകഴിഞ്ഞു് "സാധാരണയായി" എന്നു ചേർക്കണം.

ബി. "അഞ്ചു (൫) ശതമാനത്തിന്റെയോ" എന്നുകഴിഞ്ഞു് "൧൦൦ അംഗങ്ങളുടേയോ" എന്നും "വിശേഷാൽയോഗം മാനേജിംഗ്കമ്മററി നിശ്ചയിക്കുന്നസ്ഥലത്തുവച്ചു കൂടാവുന്നതാകുന്നു" എന്നും ചേർക്കണം.